നം. WCD-E1/9824/2020

വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി - 27/08/2020

## പരിപത്രം

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർമാരുടെ ദീർഘകാല അവധി അപേക്ഷ സമർപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

വകുപ്പിന് കീഴിലെ ശിശുവികസന പദ്ധതി ഓഫീസർമാർ വ്യക്തിപരമായ/ കുടുംബ പരമായ കാരണങ്ങൾ കാണിച്ച് ദീർഘകാല അവധിയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നുണ്ട്. വകുപ്പിന്റെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് പ്രധാന പങ്ക് വഹിക്കുന്ന കാര്യാലയ മേധാവിയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ ക്ഷേമ പദ്ധതികളുടെ നിർവ്വഹണ ചുമതല വഹിക്കുന്നതുമായ ഇത്തരം ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിക്കുന്നത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കാനിടയുണ്ട്. ഈ സാഹചര്യത്തിൽ, ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ 15 ദിവസത്തിൽ കൂടുതൽ കാലയളവിലേയ്ക്കുള്ള എല്ലാ അവധി അപേക്ഷകളും സമർപ്പിക്കേണ്ടത് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കണം.

1. പതിനഞ്ച് ദിവസത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് അവധി അനുവദിക്കുന്നതിനുള്ള എല്ലാ അപേക്ഷകളും അവധി ആവശ്യപ്പെടുന്നതിനുള്ള കാരണം വ്യക്തമാക്കി ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് മുൻകൂറായി സമർപ്പിക്കേണ്ടതാണ്.

2. ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് ലഭിക്കുന്ന അവധി അപേക്ഷകൾ പരിശോധിച്ച് അവധി അനുവദിക്കേണ്ട മതിയായ കാരണമുണ്ടെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ മാത്രം അത്തരം അപേക്ഷകൾ ഈ കാര്യാലയത്തിലേയ്ക്ക് ശുപാർശ ചെയ്ത് അയക്കേണ്ട താണ്. (അപേക്ഷാ ഫാറത്തിൽ ശുപാർശ രേഖപ്പെടുത്തരുത്. ശുപാർശ ആമുഖ കത്തിൽ മത്രം മതിയാകും).

3. ചികിൽസാപരമായ ആവശ്യങ്ങൾക്കായി മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പടെ ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് ലഭിക്കുന്ന അവധി അപേക്ഷകൾ അന്നേ ദിവസം തന്നെ ഡയറക്ടറേറ്റിലെ wcdestablishment2017@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയക്കേ ണ്ടതും, ഹാർഡ് കോപ്പി തപാലിൽ ലഭ്യമാക്കേണ്ടതുമാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പടെ സമർപ്പിക്കുന്ന അവധി അപേക്ഷകൾ യഥാസമയം ഈ കാര്യാലയത്തിൽ ലഭിക്കാത്ത സാഹചര്യമുള്ളതിനാൽ രണ്ടാമതൊരു മെഡിക്കൽ ബോർഡ് പരിശോധന നടത്തുന്നതിന് സാധിക്കാറില്ല. ആയതിനാൽ, ആവശ്യമെന്ന് തോന്നുന്ന പക്ഷം അത്തരം അപേക്ഷകൾ രണ്ടാമതൊരു വൈദ്യപരിശോധനയ്ക്ക് കൂടി വിധേയമാക്കുന്നതിന് കഴിയുന്ന തരത്തിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4. അവധി അനുവദിക്കുന്നതിനായി ഡയറക്ടറേറ്റിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്ത് അയക്കുന്ന ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാരുടെ ചുമതല ക്രമീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം കൂടി ഉൾപ്പെടുത്തി യിരിക്കണം.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ അവധി ആവശ്യപ്പെടുന്ന/ അവധിയ്ക്ക് ശുപാർശ ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്.

വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
സ്റ്റോക്ക് ഫയൽ/ സ്പെയർ